ഉത്തരം

(എ) ഉണ്ട്.

(ബി) കേരള സ്റ്റേറ്റ് മോട്ടോർ തൊഴിലാളി കോ- ഓർഡിനേഷൻ കമ്മിറ്റി 1998-ൽ സർക്കാർ മുമ്പാകെ ചില ആവശ്യങ്ങൾ ഉന്നയിച്ചിരുന്നു. ഇതിനെപ്പറ്റി 29.7.96, 13.5.98 എന്നീ തീയതികളിൽ ബഹു. ഗതാഗത വകുപ്പുമന്ത്രി വിവിധ ട്രേയിഡ് യൂണിയൻ നേതാക്കളുമായി ചർച്ച നടത്തുകയുണ്ടായി. കൂടാതെ 14.8.98-ൽ ഗതാഗത വകുപ്പു സെക്രട്ടറി, വിവിധ ട്രേയിഡ് യൂണിയൻ നേതാക്കളുമായിട്ടും പോലീസ്, തൊഴിൽ, ട്രാൻസ്പോർട്ട് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായും ചർച്ച നടത്തിയിട്ടുണ്ട്. മേൽപറഞ്ഞ യോഗ തീരുമാനങ്ങൾ നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) വാഹനങ്ങളുടെ വർധനവുമൂലം നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) മോട്ടോർ വാഹനനിയമത്തിൽ ഒരു ബസ്സുടമയെ ഏതെങ്കിലും ഒരു നിശ്ചിത റൂട്ടിൽ ഓടുന്നതിന് നിർബന്ധിക്കുവാൻ വ്യവസ്ഥയില്ല. അപേക്ഷ ലഭിക്കുന്ന റൂട്ടിൽ (മറ്റു നിയന്ത്രണങ്ങളില്ലാത്ത സ്ഥലങ്ങളിൽ) പെർമിറ്റ് അനുവദിക്കാറുണ്ട്. അനുവദിച്ച റൂട്ടിന് വിരുദ്ധമായി സർവ്വീസ് നടത്തുന്നതിനെതിരെ കർശന നടപടി സ്വീകരിച്ചുവരുന്നു.

(ഇ) നാഷണൽ പെർമിറ്റുള്ള വാഹനങ്ങൾക്ക് പെർമിറ്റും, ഓതറൈസേഷനും നൽകുന്ന അധികാരം ആർ.ടി.എ. കൾക്ക് നൽകുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള പ്രഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(എഫ്) ഗതാഗത മേഖലയെ ഇപ്പോൾത്തന്നെ ഒരു സർവ്വീസ് മേഖലയായിട്ടാണ് പരിഗണിച്ചിട്ടുള്ളത്.

ആർ.ടി ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടി

(350) ശ്രീ. പി. വിശ്വൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടിയിൽ ഒരു ജോയിന്റ് ആർ.ടി. ഓഫീസ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം നിലവിലുണ്ടോ;

(ബി) കൊയിലാണ്ടി ടൗണിൽ അടിയന്തിരമായി ജോയിന്റ് ആർ.ടി. ഓഫീസ് തുടങ്ങാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്, കൊയിലാണ്ടി ഉൾപ്പെടെയുള്ള താലൂക്കാസ്ഥാനങ്ങളിൽ സബ് ആർ.ടി.ഓഫീസുകൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly